ഭാഗ്യക്കുറിയുടെ പേര് മാറ്റിയത്) എന്നീ ഭാഗ്യക്കുറികളുടെ 30 ലക്ഷം ടിക്കറ്റുകളും ധനശ്രീ ഭാഗ്യക്കുറിയുടെ 32.50 ലക്ഷം ടിക്കറ്റുകളും അച്ചടിച്ച് വിതരണം ചെയ്യുവരികയും ചെയ്യുന്നു.

കെ.എസ്.എഫ്.ഇ.-യിലെ പെൻഷൻ

138(2127) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.എഫ്.ഇ.-യിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ജീവനക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നയം വിശദമാക്കാമോ ?

ഉത്തരം

ഉണ്ട്. സ.ഉ.(സാധ) നമ്പർ 340/2015/നി.വ. തീയതി 20-5-2015 പ്രകാരം നിലവിലുള്ള വിരമിക്കൽ പ്രായം ഉയർത്തേണ്ടതില്ലെന്നും കമ്പനിയിലെ ജീവനക്കാർക്ക് നിലവിലുള്ള വിരമിക്കൽ പ്രായം നിലനിർത്താനും ഉത്തരവായിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ സർക്കാർ കേസ് നടത്തിപ്പിലെ കാര്യക്ഷമത

139(2128) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിലായി എത്ര സർക്കാർ കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) സർക്കാർ കേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന് കൃത്യമായി അവലോകന യോഗം ചേരാറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ 6 മാസത്തിനിടയിൽ സർക്കാരിനെതിരായി ഏതെങ്കിലും പരാമർശങ്ങൾ കോടതിയിൽനിന്നും വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) സർക്കാർ കേസ്സുകൾ വാദിക്കുന്നതിന് വിവിധ കോടതികളിൽ ആവശ്യത്തിനു സർക്കാർ വക്കിലൻമാരുണ്ടോയെന്നു വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ അഭിഭാഷകരുടെ അഭാവംമൂലം കേസ് നടത്തിപ്പിൽ വീഴ്ച വന്നതുമൂലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ വിവിധ വകുപ്പുകളിലായി നിലവിലുള്ള സർക്കാർ കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു :

ജില്ലാ കോടതിയിലും മറ്റ് കീഴ്ക്കോടതികളിലുമായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട 1313 കേസുകൾ നിലവിലുണ്ട്.

കേരള ഹൈക്കോടതിയിൽ റവന്യൂ വകുപ്പുമായി (കളക്ടറേറ്റ്, പാലക്കാട്) ബന്ധപ്പെട്ട് 264 കേസുകളും സുപ്രീംകോടതിയിൽ 4 കേസുകളും നിലവിലുണ്ട്.

(ബി) ഉണ്ട്

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഡി) സർക്കാർ കേസുകൾ വാദിക്കുന്നതിന് വിവിധ കോടതികളിൽ ആവശ്യത്തിന് സർക്കാർ വക്കീലന്മാരുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

നിയമ വകുപ്പിലെ LIMS സംവിധാനം

140(T*2129) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമ വകുപ്പിൽ നടപ്പിലാക്കിവരുന്ന LIMS (Law Information Management System) സംവിധാനത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

(ബി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിലാണെന്നുള്ള വിവരം വാർഷിക ചെലവടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

(സി) ഏതെല്ലാം ഏജൻസി മുഖാന്തരമാണ് പ്രസ്തുത പ്രവർത്തനം നടത്തിവരുന്നത് എന്നറിയിക്കാമോ ?

ഉത്തരം

(എ) നിയമ വകുപ്പിൽ നടപ്പിലാക്കിവരുന്ന LIMS(Law Information Management System) സംവിധാനത്തിനായി ഇതുവരെ 7,33,01,506 (ഏഴുകോടി മുപ്പത്തിമൂന്ന് ലക്ഷത്തി ആയിരത്തി അഞ്ഞൂറ്റി ആറ് രൂപ) ചെലവഴിച്ചു.

T മാറ്റിവച്ച ചോദ്യത്തിനെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly